# ഗവ. ടൗൺ. എൽ. പി. സ്കൂൾ
# ആലപ്പുഴ.

## അക്കാദമിക് മാസ്റ്റർ പ്ലാൻ.

## 2 ആമുഖം.

ഗവ. ടൗൺ. എൽ. വി. സ്കൂൾ ആലപ്പുഴയുടെ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. വിദ്യാലയത്തിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർപ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സജീവമായ എസ്.എം.സി, മാതൃസംഗമം, അധ്യാപകസമൂഹം, രക്ഷിതാക്കൾ, പൊതുസമൂഹം, എന്നിവരുടെ സജീവ സഹകരണത്തോടെയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

## ഉള്ളടക്കം :

1. സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ
2. ആമുഖം.
3. സ്കൂൾ പശ്ചാത്തലവും മറ്റ് വിവരങ്ങളും
4. പൊതു ലക്ഷ്യങ്ങൾ
5. അക്കാദമികവും ഭൗതികവുമായ നേട്ടം/പരിമിതി
6. വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ.
7. വിലയിരുത്തൽ, മെച്ചപ്പെടുത്തലുകൾ, നിരീക്ഷണ ചട്ടങ്ങ
8. വിശദമായ പ്രവർത്തന പദ്ധതികൾ
9. നിരീക്ഷണവും ഉത്തരവാദിത്വങ്ങളും
10. നിഗമനങ്ങൾ.

# 1 സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര് : ഗവ. ടൗൺ. എൽ.പി. സ്കൂൾ ആലപ്പുഴ.

സ്ഥാപിതം : 1961.

ജില്ല : ആലപ്പുഴ.

നഗരസഭ : ആലപ്പുഴ.

താലൂക്ക് : അമ്പലപ്പുഴ.

വാർഡ് : കരളകം.

ഉപജില്ല : ആലപ്പുഴ.

പ്രധാനാധ്യാപിക : ഷീബ. ട

ഫോൺ നമ്പർ : 9497340157

അധ്യാപകരുടെ എണ്ണം : 04

അനധ്യാപകരുടെ എണ്ണം : 01

വിദ്യാർത്ഥികളുടെ എണ്ണം : 64

ഇ. മെയിൽ : 35204gtownlps@gmail.com

സ്കൂൾ കോഡ് : 35204

2 ആമുഖം.

ഗവ. ടൗൺ. എൽ. പി. സ്കൂൾ
ആലപ്പുഴയുടെ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. വിദ്യാല-
യത്തിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ,
വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ
വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ
ഈ രേഖയിൽ പ്രതിപാദിക്കുന്നു. പൊതുവിദ്യാഭ്യാ-
സത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും,
കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ച-
യെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും
ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനു-
ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മിക-
വിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ലക്ഷ്യമാ-
ഈ മാസ്റ്റർപ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.
സജീവമായ എസ്. എം. സി, മാതൃസംഗമം, അധ്യാ-
പകസമൂഹം, രക്ഷിതാക്കൾ, പൊതുസമൂഹം, എന്നി-
വരുടെ സജീവ സഹകരണത്തോടെയാണ് ഈ
രേഖ തയ്യാറാക്കിയിരിക്കുന്നത്.

## സ്കൂൾ - പശ്ചാത്തലവും മറ്റ് വിവരങ്ങളും

സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ ആരംഭിക്കുന്നത് "ഓരോ കുട്ടിയും മികവിലേക്ക്" എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തിയാണ്.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ ആര്യാട് സൗത്ത് വില്ലേജിൽ ആലപ്പുഴ നഗരസഭാ പരിധിയിൽ കളർകോട് വാർഡിൽ സ്ഥിതി ചെയ്യുന്ന ഏക സർക്കാർ പൊതുവിദ്യാലയമാണ് ഗവ. ടൗൺ. എൽ. പി. സ്കൂൾ.

1959 ൽ വടികാട് ക്ഷേത്രത്തിന്റെ മുൻഭാഗത്തായി സ്ഥിതിചെയ്തിരുന്ന NSS കരയോഗം ഓഫീസിലാണ് വടികാട് എൽ. പി. സ്കൂളിന്റെ ചരിത്രം തുടങ്ങുന്നത്. ശ്രീ. കളമംഗലം ദാമോദരൻ എന്ന മഹദ്‌വ്യക്തിയുടെ. പരിശ്രമഫലമായി 1961-62 കാലഘട്ടത്തിൽ ബഹു. മന്ത്രി. ശ്രീ. ശങ്കരന്റെ അനുമതിയിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന ഒരേക്കറിൽ പരം ഭൂവി. കളമംഗലം വെളുത്തേടത്ത് കുടുംബക്കാർ സൗജന്യമായി വിട്ടുനൽകിയതാണ്. NSS കരയോഗം ഓഫീസ് മുറിയിൽ 2 വർഷക്കാലം അധ്യയനം നടന്നു. തുടർന്ന് 1961 ൽ 219 കുട്ടികളുമായി ഔപചാരിക തുടക്കം ഗവ. ടൗൺ എൽ. പി. സ്കൂൾ കുറിച്ചു.

അന്നത്തെ പ്രധാനാധ്യാപകൻ ശ്രീ. അച്യുതക്കുറുപ്പ് സാറായിരുന്നു ശ്രീമതി. സുമതിക്കുട്ടി ശ്രീമതി. ചന്ദ്രമതി ശ്രീ. സൈനുദ്ദീൻ, ശ്രീ. ജോൺ, ശ്രീ. തങ്കപ്പൻ, ശ്രീ. പുരുഷോത്തമൻ എന്നീ അധ്യാപകരായിരുന്നു ആദ്യ ബാച്ചിൽ സേവനം അനുഷ്ഠിച്ചത്. ആദ്യ വിദ്യാർത്ഥി കുമാരി. ആനന്ദവല്ലിയും.

ഈ പ്രദേശത്തെ പ്രഗൽഭരായ ഡോക്ടർമാർ, ~~[illegible]~~ അഭിഭാഷകർ, അധ്യാപകർ, സയന്റിസ്റ്റുകൾ, ഗവ. ഉദ്യോഗസ്ഥർ, ഐ.ടി പ്രൊഫഷണലുകൾ, എഞ്ചിനീയേഴ്സ്, തുടങ്ങിയ പ്രമുഖരായ പലരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

പ്രദേശത്തുണ്ടായ പ്രൈമറി മുതൽ H.S വരെ ഉള്ള ~~[illegible]~~ സ്കൂളുകളും ~~[illegible]~~ [illegible], നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണത്തെ പ്രതികൂലമായി. ബാധിച്ചെങ്കിലും അതിനെ മറികടക്കാനും, നാൾക്കുനാൾ ഉയർന്നു വരുവാനും പ്രദേശവാസികളുടെ സ്വപ്നങ്ങളും, വിദ്യാഭ്യാസ വിദഗ്ദ്ധരും, അധ്യാപക സമൂഹവും, പൊതുസമൂഹവും ഒരുമയിൽ തന്നെ പരിശ്രമം തുടരുന്നു എന്നത് അഭിമാനാവഹമാണ്.

ഗവ. ടൗൺ: എൽ. പി. സ്കൂൾ ആലപ്പുഴ യുടെ പ്രധാന
വിവരങ്ങളും, ഭരണപരമായുമായി ബന്ധപ്പെട്ടതുമായ
വിവരങ്ങൾ താഴെ ചേർക്കുന്നു. ഈ വിവരങ്ങൾ
വിദ്യാലയത്തിന്റെ ഔദ്യോഗിക വിവരശേഖരണത്തിനും
ഭൂമിശാസ്ത്രപരവും, ഭരണപരവുമായ പശ്ചാത്തല
ത്തിനും ഒരു അടിസ്ഥാന റഫറൻസായി വർത്തിക്കുന്നു
ഇത് ബാഹ്യ ആശയവിനിമയങ്ങൾക്കും നിർണ്ണായകമാണ്
സ്കൂളിന്റെ അടിസ്ഥാന വിവരങ്ങളുടെ ഒരു സംക്ഷിപ്ത
രൂപം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിഭാഗം | എൽ. പി. |
| പേര് | ഗവ. ടൗൺ. LPS ആലപ്പുഴ |
| മേൽവിലാസം | കരളകം വാർഡ്<br>തത്തംപള്ളി പി ഒ<br>ആലപ്പുഴ 688013. |
| ഫോൺ നമ്പർ | |
| സ്കൂൾ കോഡ് | 35204 |
| വിദ്യ. ജില്ല | ആലപ്പുഴ |
| വിദ്യ. ഉപജില്ല | ആലപ്പുഴ |
| റവന്യൂ ജില്ല | ആലപ്പുഴ |
| ബി. ആർ. സി. | ആലപ്പുഴ |
| സി. ആർ. സി. | |
| ഗ്രാമപഞ്ചായത്ത്/നഗരസഭ | ആലപ്പുഴ |

| | |
|---|---|
| നിയമസഭാ മണ്ഡലം | : |
| ലോകസഭാ മണ്ഡലം | : ~~അമ്പലപ്പുഴ~~ |
| താലൂക്ക് : | അമ്പലപ്പുഴ |
| വില്ലേജ് | ആര്യാട് സൗത്ത് |
| ഇ. മെയിൽ | 352.04gtownlps@gmail.com |
| പോസ്റ്റോഫീസ് | |
| സ്കൂൾ വിക്കി. | |

## 4 പൊതു ലക്ഷ്യങ്ങൾ

സമഗ്രമായ വിദ്യാർത്ഥി വിക-
സനത്തിന്റെ, വിദ്യാലയത്തിന്റെ സുപ്രധാനമായ ലക്ഷ്യ-
ങ്ങൾ മാസ്റ്റർ പ്ലാൻ ശ്രദ്ധകേന്ദ്രീകരിക്കുന്ന വെളിച്ചത്തിലെ
ഈ ലക്ഷ്യങ്ങൾ സാമൂഹികം, സാങ്കേതികം, പാരി-
സ്ഥിതികം, എന്നീ മേഖലകളെ ഉൾക്കൊള്ളു-
ന്നവയാണ്. ഒരു വിശാലമായ കാഴ്ചപ്പാ(ട്)
മാസ്റ്റർപ്ലാൻ പ്രതിഫലിപ്പിക്കുന്നത്.

അക്കാദമികവും അല്ലാത്ത-
തുമായ ശേഷികളിലൂടെ ലക്ഷ്യമിടുന്നത് വിദ്യാ-
ലയത്തിലെത്തുന്ന ഓരോ കുട്ടിയുടെയും സമഗ്ര-
വികസനത്തിലാണ്. ഓരോ കുട്ടിയെയും പൂർ-
ണമായി അറിഞ്ഞ്, പരിമിതികളും കഴിവുകളും
മനസ്സിലാക്കി അംഗീകരിച്ച് ശ്രേഷ്ഠമായ അനുഭ-
വങ്ങളിലൂടെ, ഉയർന്ന നിലവാരത്തിലേക്ക്
എത്തിക്കുന്ന ഇതിനായി ഒരുക്കേണ്ട ഭൗ-
തികങ്ങളും, വിദ്യാലയത്തിൽ നടക്കേ-
ണ്ടവ - അത് ഭൗതികവും അക്കാദമിക-
വുമായ ആവശ്യങ്ങളും ഇവയാണ്

വിദ്യാർത്ഥി ശാരീരികമാനസിക
സാമൂഹികവികാസവും ലക്ഷ്യമിട്ട് ആസൂത്രണം

ങ്ങളുടെ പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി
സമൂഹത്തെ വളർത്തുക എന്നതാണ്
പദ്ധതിയുടെ ലക്ഷ്യം. ഇതിനായി എല്ലാ വി
ഭാഗങ്ങളും പരസ്പര സഹകരണത്തോടെ
പ്രവർത്തിച്ച് നിർദ്ദിഷ്ട ലക്ഷ്യപ്രാപ്തിയി
ലേക്ക് എത്തുമെന്നതിനാണ് മുന്തി
ഒന്നാമതും മുൻഗണന നൽകുന്നത്.

ഹരിതവിദ്യ, ജൈവവൈവി
ധ്യമായ, വിദ്യ ഒരു പ്രവേശനോത്സവം
കുട്ടികൾക്ക് ഉപയുക്തമാണ്, ഗു
ണ്യപൂർണമായ വിവരസാങ്കേതികവിദ്യാ
ഉപയോഗം ഉറപ്പാക്കാം, അതിലുപരി
വിദ്യ ഭാവിയുടെ പഠിതാക്കളായി,
പൂർണ്ണമായി കുട്ടികളെ വളർത്തി
യെടുക്കാം. മുൻഗണന നൽകുന്നതു
പഠനപ്ലാൻ തന്നെയാണ് 2025-26
അധ്യയനവർഷത്തെ മുന്നോട്ട് നയിക്കുന്നത്.

## 5 അക്കാദമികവും ഭൗതികവുമായ നേട്ടങ്ങളും, പരിമിതികളും.

വിദ്യാലയത്തിന്റെ പശ്ചാത്തലം, പരിമിതികൾ ഗുണങ്ങളും, ദോഷങ്ങളും എന്നിവയെ ഉപവിഭാഗങ്ങളി, മെച്ചപ്പെടുത്തലിന്റെ സാധ്യതകളിലേക്കും ആസൂത്രണത്തിലേക്കും സഹായകമായ ഒരു സമഗ്രചിത്രം ലഭ്യമാണ്

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടനം ചെയ്യുന്ന മികച്ച അധ്യാപകസമൂഹം | സ്ഥലമാ ഒരു അസൗ... ഉണ്ടാകുന്ന (Hm class chng. ഉള്ള) |
| * സ്മാർട്ട് ക്ലാസ് മുറികൾ | ഇനിയും നവീകരിച്ചിട്ടില്ലാത്ത ക്ലാസ് മുറികൾ |
| * മികച്ച ലൈബ്രറികൾ | ലൈബ്ര... ഷെൽഫുകൾ, ... കിട്ടിയിട്ടില്ലാത്തത് |
| * മികച്ച സാങ്കേതിക (ICT) പരിശീലനം നേടിയ അധ്യാപകർ K-phone ലഭ്യത | കമ്പ്യൂട്ടറുകളുടെ കുറവ് |

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * കലാകായിക പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വിദഗ്ദ്ധരായ അധ്യാപകരുടെ അഭാവം |
| * ഭിന്നശേഷി സൗഹൃദ ക്ലാസാന്തരീക്ഷം | ഭിന്നശേഷി - അധ്യാപകരുടെ അഭാവം |
| * പാഠ്യേതര സർഗ്ഗാത്മക വേദികൾ സംഘടിപ്പിക്കൽ | ഫണ്ടിന്റെ അഭാവം |

ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും ICT ഉപകരണങ്ങൾ, വിദഗ്ദ്ധാധ്യാപകർ, HM ക്ലാസ് ചാർജ്ജ് ഒഴിവാക്കൽ എന്നിവ വിദ്യാലയത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

എല്ലാ കുട്ടികളും നന്നായി വായിക്കുകയും എഴുതുകയും പ്രാഥമിക ഗണിത ബോധം, ശാസ്ത്രബോധം എന്നിവ കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ് പ്രാഥമികവും പ്രഥമ പരിഗണന നൽകുന്നതുമായ ലക്ഷ്യം. 10% കുട്ടികൾ ഭിന്നശേഷി, പഠന വൈകല്യം പ്രതികൂലമായ ജീവിത സാഹചര്യം എന്നിവ മൂലം ഉദ്ദേശിച്ച നിലവാരത്തിൽ എത്തിക്കാൻ പ്രയാസം നേരിടുന്നു.

## 6 വിഷയനിർദ്ദിഷ്ട ലക്ഷ്യങ്ങൾ

വിവിധ അക്കാദമിക - അക്കാദമികേതര മേഖലകളിലെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു

### A ഭാഷാവികാസം.

എല്ലാ കുട്ടികളെയും ആശയധാരയോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. വികസ്വര സാഹിത്യാഭിരുചി, സർഗ്ഗാത്മക ശേഷി ഉറപ്പാക്കുക, വായനയിലെ ... വളർത്തുക.

### B. ആംഗലേയ ഭാഷ

ഇംഗ്ലീഷ് ഭാഷയിൽ പരമാവധി ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകും. ഇതുവഴി ആത്മവിശ്വാസത്തോടെ ഭാഷ കൈകാര്യം ചെയ്യുവാനും പ്രാപ്തരാക്ക ICT സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാന ശേഷി ഉറപ്പുവരുത്തുന്നു.

## C. പരിസരപഠനം

മികച്ച ശാസ്ത്രാഭിരുചിയുള്ള പ്രക്രിയാശേഷികളും മനോഭാവവും വളർത്തുന്ന തരത്തിൽ ശാസ്ത്ര വിദ്യാഭ്യാസം നടപ്പിലാക്കുന്നു; ICT സാധ്യതകൾ പ്രയോജനപ്പെടുത്തി എല്ലാ [illegible] ശാസ്ത്രാറിവുകളും ലഭ്യമാക്കുന്നു. ശാസ്ത്ര പഠനം കാര്യക്ഷമവും പ്രയോജനപ്രദവും ആക്കുന്നതിന് വേണ്ട സന്ദർഭങ്ങൾ ഒരുക്കുന്നു

## D. സാമൂഹ്യബോധം

ജനാധിപത്യ മതേതര ജീവിതസംസ്കാരം, സഹജീവിസ്നേഹം, ശാസ്ത്രീയാവബോധം എന്നിവ ഉള്ള മികച്ച പൗരന്മാരായി കുട്ടികളെ വളർത്തിയെടുക്കുന്നതിന് ഉതകുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു

## E. ഗണിതം

നിത്യജീവിതവുമായി ബന്ധപ്പെട്ട് പരമാവധി ഗണിതാനുഭവങ്ങളിലൂടെ കടന്ന് പോകുവാനും ഗണിതശേഷികൾ സ്വായത്തമാക്കുവാനും ആധുനിക ഗണിത പഠനസാധ്യതകൾ (ICT) മനസ്സിലാക്കുവാനും ലക്ഷ്യമിടുന്നു.

F ഐ.സി.ടി.

ഐ സി ടി സംബന്ധിച്ച് പ്രാഥമിക ജ്ഞാനം ഉറപ്പുവരുത്തുകയും സ്വന്തമായി ചിന്തിക്കൽ, ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി വികസിപ്പിക്കുകയും ലക്ഷ്യമിടുന്നു.

G. പ്രവൃത്തി പരിചയം

എല്ലാ കുട്ടികളിലും പരമാവധി പ്രവൃത്തി പരിചയ നിർമ്മാണ കഴിവുകൾ വികസിപ്പിക്കുകയും പ്രകൃതിയോട് ഇണങ്ങി ജീവിക്കാനും എല്ലാ തൊഴിലിനെയും ബഹുമാനിക്കാനും ലക്ഷ്യമിടുന്നു.

H കലാ പരിശീലനം

കലാഭിരുചി, സർഗ്ഗാത്മകത എന്നിവ ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചു ആത്മവിശ്വാസവും വ്യക്തിത്വവും വളർത്തിയെടുക്കുന്നു. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

I ആരോഗ്യ കായിക വിദ്യാഭ്യാസം

മികച്ച ശാരീരിക ക്ഷമത, ആരോഗ്യമുള്ള ശരീരം ഉറപ്പാക്കൽ, ലഹരിമുക്ത മാലിന്യമുക്ത ജീവിതശൈലി, ഹരിതക്യാമ്പസ് എന്നിവ ലക്ഷ്യമിടുന്നു.

VI

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, നിരീക്ഷണ ചട്ടക്കൂടുകൾ.

വിദ്യാർത്ഥികളുടെ സമഗ്രപുരോഗതി വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മാസ്റ്റർ പ്ലാൻ വിശദമാക്കുന്നു

## A സമഗ്ര പുരോഗതി രേഖ.

ഒരു കുട്ടിയെ പരീക്ഷ മാർക്കുകൾക്ക് അപ്പുറം കാണുന്ന വിലയിരുത്തുന്ന ഒരു ബഹു-മുഖപ്രക്രിയയാണ് സമഗ്രപുരോഗതി രേഖ

കുട്ടിയുടെ കഴിവുകൾ പരിമിതികൾ പഠനതലം മാനസിക നില ശാരീരിക ക്ഷമത എന്നിവ അറിയുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. കുട്ടിയെ മികവിലേക്ക് ഉയർത്താൻ അടിസ്ഥാനമായി മാറുന്ന രേഖയാണിത്.

കൃത്യമായ ഇടവേളകളിലൂടെ കാല-ക്രമേണ ഉണ്ടാവുന്ന വളർച്ച നേട്ടങ്ങളും ഉൾപ്പെടുത്തി രേഖ നിരന്തരം പരിഷ്കരിച്ച് അടുത്ത ക്ലാസിലേക്ക് കൈമാറുന്നു

## B. അക്കാദമിക മോണിറ്ററിങ്

പാഠ്യസൂത്രണങ്ങൾ, ക്ലാസ്റൂമിലെ വിനിമയങ്ങൾ, കുട്ടികളുടെ പങ്കാളിത്തം എന്നിവയുടെ ശാസ്ത്രീയമായ അവലോകനമാണ് അക്കാദമിക മോണിറ്ററിങ്.

ഉചിതമായ പിന്തുണ നൽകുക എന്നതാ- യിരിക്കണം അക്കാദമിക മോണിറ്ററിങ്ങിന്റെ പ്രധാന ലക്ഷ്യം. പഠിതാക്കളുടെ പഠനരേഖകൾ പോർട്ട് ഫോളിയോകൾ മറ്റ് ഉല്പന്നങ്ങൾ എന്നിവ മോണിറ്ററിങ്ങിന്റെ പരിധിയിൽപ്പെടും. ഇത് ഗുണമേന്മ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രയോജനം ചെയ്യുന്നതാണ്.

പ്രധാനാധ്യാപകർ, AEO, DEO, DIET തുടങ്ങിയ വിദഗ്ധരുടെ മേൽനോട്ടം കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും മെച്ചപ്പെടുത്തലുകൾക്കും സഹായകമാവും.

## c. വികാസാത്മക വിലയിരുത്തൽ (Formative Assessment)

വിദ്യാർത്ഥികളുടെ പഠന പുരോഗതി കൃത്യസമയത്ത് തിരിച്ചറിയുവാനും, സഹായിക്കുവാനും വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനു സഹായിക്കുന്ന വികാസാത്മക വിലയിരുത്തൽ, പ്രത്യേക ശേഷികളുടെ വിജയകരമായ പ്രാപ്തികളെ ഉറപ്പാക്കുന്നു.

അധ്യാപകരുടെ ദൈനംദിന റിപ്പോർട്ടുകളും നിരീക്ഷണങ്ങളും കുട്ടികളുമായിട്ടുള്ള നിരന്തര സംഭാഷണങ്ങളും വ്യക്തിഗത വികാസത്തിൽ പ്രധാനമാണ്. പോർട്ട് ഫോളിയോകൾ കുട്ടിയുടെ നിരന്തര മൂല്യനിർണയത്തിന്റെ വ്യക്തമായ രേഖയായി CPTA യിൽ അവതരിപ്പിക്കപ്പെടുന്നു.

ഗുണനിലവാരം ഉറപ്പുവരുത്തുന്ന അധ്യയനവും ആധുനിക പഠന സംവേദന രീതികളും ഭിന്നശേഷി സൗഹൃദ സമീപനവും ഉപയോഗിച്ചുകൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളും എല്ലാക്കുട്ടികളുടെയും സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുന്നു.

## VII വിശദമായ പ്രവർത്തന പദ്ധതികൾ.

മാസ്റ്റർ പ്ലാനിൽ വിവിധ വിഷയങ്ങളിലൂം മേഖലകളിലൂടെ വിപുലമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

### A ഭാഷ : മലയാളം

സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യുവാനും മികച്ച ശ്രോതാവ്, പ്രഭാഷകൻ, ആസ്വാദകൻ, സ്രഷ്ടാവ് എന്നീ നിലകളിൽ വളർത്തിയെടുക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തു.

- മാഗസിൻ * ബഡ്ഡി ടീച്ചർ.
- സർഗവേള * എന്റെ വായനാപുസ്തകം
- ക്ലാസ് റൂം ലൈബ്രറി
- അസംബ്ലി * അമ്മ വായന.
- രചനോത്സവം * വായന വീട്ടിലേക്ക്
- കാവ്യോത്സവം *
- വായനോത്സവം എന്നിവയിലൂടെ ഭാഷാ-

വ്യവഹാര രൂപങ്ങൾ ഉറപ്പിക്കുന്നതിനു പിന്തുണ നൽകുന്നു. അമ്മവായന, വായന വീട്ടിലേക്ക്, ബഡ്ഡി ടീച്ചർ എന്നിവയിലൂടെയൊക്കെ സഹപാഠികളുടെ സഹായത്തോടെയും, വീട്ടുകാരുടെ പിന്തുണയോടെയും വായന മെച്ചപ്പെടുത്തുന്നു

## B. ആവർത്തിച്ചുള്ള ഭാഷ (മലയാളം) പ്രവർത്തനങ്ങൾ

* ഭാഷോത്സവം

ഭാഷാകേളികൾ, കവിതാലാപനം, കഥ പറച്ചിൽ, പുസ്തകപരിചയം, കഥാകവിതാ രചന, പോസ്റ്റർ രചന, നോട്ടീസുകൾ, പദപ്രശ്നങ്ങൾ, നിഘണ്ടു, മാഗസിൻ എന്നിവയിൽ പരമാവധി പരിശീലനങ്ങൾ പ്രകാശന വേദികൾ

* റീഡേഴ്സ് തിയേറ്റർ

വായനമൂല, ദിനാചരണങ്ങൾ, അമ്മ വായന, വായനാക്കുറിപ്പുകൾ, പുസ്തക പരിചയം, എഴുത്തുകാരെ അറിയൽ, വായനശാല സന്ദർശനം എന്നിവയ്ക്കുള്ള സന്ദർഭങ്ങൾ, വേദികൾ.

* വീടൊരു വായനക്കൂട്/വായന വീട്ടിലേക്കും

ദിനപത്ര വായന, സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകം തിരഞ്ഞെടുക്കൽ, വീട്ടുകാരോടൊപ്പം ചേർന്നുള്ള വായന, കുറിപ്പ് തയാറാക്കൽ ചിത്രീകരണം, എന്നിവയുടെ നടപ്പിലാക്കൽ

## 6. ഭാഷാശേഷി വികസന (ഇംഗ്ലീഷ്) പ്രവർത്തനങ്ങൾ

* ഇംഗ്ലീഷ് ഡേ ദിനം

ജൂലൈ 26 (George Bernard Shaw ജന്മദിനം) ഇംഗ്ലീഷ് ഡേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. എല്ലാ ദിവസവും 30 മിനിറ്റ് ഇംഗ്ലീഷ് ഭാഷാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി ഏർപ്പെടാൻ അവസരം നൽകുന്നു.

* ഇംഗ്ലീഷ് അസംബ്ലി

എല്ലാ ക്ലാസുകാരും മാസത്തിൽ ഒന്ന്.

* ഇംഗ്ലീഷ് മാഗസിൻ

ക്ലാസ്തല സ്കൂൾതല മാഗസിനുകൾ

* ഭാഷ്യം ഫെസ്റ്റ്

ക്രോസ്‌വേർഡ്, Choreography, Rhymes, Riddles, Puzzles, Stories, എന്നിവയ്ക്ക് അവസരങ്ങൾ പരിശീലനങ്ങൾ, വേദികൾ എന്നിവ ഒരുക്കുന്നു

## D. ഗണിത പ്രവർത്തനങ്ങൾ

* ഗണിതകേളികൾ

മഞ്ചാടി, കാന്തസി, നമ്പർകാർഡ്, ചിത്രകാർഡ്, മുത്ത്, ഇന്നർക്കിൾ എന്നിവ ഉപയോഗിച്ചുള്ള കളികളിൽ ഏർപ്പെടുന്നു.

* ഗണിതമൂല

ഗണിതാശയത്തിന്റെ മികച്ച വിനിമയത്തിന് സഹായിക്കുന്ന പ്രാദേശികവും അല്ലാത്തതുമായ പഠനോപകരണങ്ങൾ സജ്ജീകരിക്കുന്നു.

* ഗണിത ദിനാചരണം, ക്വിസ്

* ഗണിത മാഗസിൻ

* ഗണിതോത്സവം

പസിലുകൾ, നമ്പർചാർട്ട്, ജ്യോമട്രിക്കൽ പാറ്റേൺ, ജിയോ ബോർഡ് തുടങ്ങിയവയും പരിശീലിപ്പിക്കുന്നതിനു വേദിയൊരുക്കുന്നു.

## 8. പരിസരപഠനം പ്രവർത്തനങ്ങൾ :

* കുട്ടിശാസ്ത്രജ്ഞൻ

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളും ചെയ്യുവാനും മനസ്സിലാക്കുവാനും ഉതകുന്ന പരമാവധി സന്ദർഭങ്ങൾ ഒരുക്കിവരുന്നു.

* ശാസ്ത്രമൂല

എല്ലാ ക്ലാസുകളിലും മികച്ച ഒരു ശാസ്ത്രമൂലയും അവിടെ ശാസ്ത്ര ഉപകരണങ്ങൾ, ബുക്കുകൾ, ചിത്രങ്ങൾ തുടങ്ങിയവ ഒരുക്കുന്നു.

* ശാസ്ത്രദിനാചരണങ്ങൾ, ക്വിസ്

പരമാവധി ശാസ്ത്രദിനങ്ങൾ (ഗണിതം, സയൻസ്) ആചരിക്കുകയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

* ശാസ്ത്രശേഖരണങ്ങൾ.

* ശാസ്ത്രമാഗസിനുകൾ

## F. സാമൂഹികാവബോധ പ്രവർത്തനങ്ങൾ

സാമൂഹികാവബോധ പ്രവർത്തനങ്ങൾ SMC യുടെ പിന്തുണയോടെ പരമാവധി സംഘടിപ്പിക്കുന്നു.

* ഒപ്പം പിടി നന്മ

പ്രാദേശികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ അറിയാനും സഹായിക്കാനുമുള്ള ശീലം വളർത്തുന്നു.

* ഫീൽഡ് ട്രിപ്പ്

ഉദേശത്തെ പൊതുസ്ഥാപനങ്ങൾ പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാത്രകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തിക്കും

* അവധിക്കാല ക്യാമ്പുകൾ

റസിഡൻസ് അസോസിയേഷനുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വിവിധ നൈപുണി വികാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## 6. ഐ.സി.ടി. പ്രവർത്തനങ്ങൾ

സ്മാർട്ട് ടീച്ചർ, സ്മാർട്ട് സ്കൂൾ, സ്മാർട്ട് സ്(കൂൾ)
എന്നാശയത്തിൽ ഊന്നിയുള്ള
ഉത്തമവഴി പാഠ്യപാഠ്യേതരപ്രവർത്തനങ്ങ
ൾ ഐ.ടി അധിഷ്ഠിതമായി വിനിമയം ചെയ്യാൻ,
ഫിലിമുകൾ കാര്യക്ഷമമായി നടപ്പിലാക്കാനും
അവസരം നൽകുന്നു

എല്ലാ ക്ലാസുകൾക്കും ഓരോ ലാ
പ്ടോപ്പ് പ്രൊജക്ടറുകളും - എന്ന ലക്ഷ്യത്തോ
ടെ സജ്ജീകരണം നടത്തി പ്രവർ
ത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

കമ്പ്യൂട്ടറുകളുടെ അപര്യാ
പ്തത പരിഹരിച്ച് കൂടുതൽ മികച്ച അന്വേഷണം
അധിഷ്ഠിതമായി നടത്തുക.

## 4. പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

* പ്രവൃത്തി പരിചയ ശില്പശാല
    - പേപ്പർ ക്രാഫ്റ്റ്
    - ബീഡ്സ് വർക്ക്
    - എംബ്രോയ്ഡറി
    - ക്ലേ മോഡൽ
    - വെജിറ്റബിൾ പ്രിന്റിംഗ്
    - ഒറിഗാമി
    - തുന്നൽ
    - ചോക്ക് നിർമ്മാണം
    - ചന്ദനത്തിരി നിർമ്മാണം
    - ഇലക്ട്രിക്ക് വയറിംഗ്
    - ത്രെഡ് പാറ്റേൺ തുടങ്ങിയവയിൽ

പരമാവധി പരിശീലനം നൽകാനും വേദികൾ ഒരുക്കാനും ലക്ഷ്യമിടുന്നു.

## 4. കലാ പരിശീലനപ്രവർത്തനങ്ങൾ

* സർഗോത്സവം

ക്ലാസ് തലത്തിൽ ആഴ്ചയിൽ ഒരു ദിവസം വിവിധ കലാഭിരുചികളു(ടെ) പരിശീലനവും പ്രകടന വേദികളും ഒരുക്കുന്നു.

* മാഗസിനുകൾ

സർഗ്ഗാത്മകതയിൽ ഊന്നി പഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ തെരഞ്ഞെടുത്ത് മാസികകൾ രൂപപ്പെടുത്തുന്ന സ്കൂൾ തല മാഗസിനുകൾ.

* പ്രവൃത്തി പരിചയം

വിദഗ്ധരുടെ സഹകരണത്തോടെ വിവിധ പ്രവൃത്തി-പരിചയ ഇനങ്ങൾക്ക് പരിശീലനം നൽകുകയും വേദി ഒരുക്കുകയും ചെയ്യുക.

## 5. ഇതര സ്ഥാപനങ്ങളുടെ ആരോഗ്യ കായിക പ്രവർത്തനങ്ങൾ

* ആരോഗ്യ കായിക വിദ്യാഭ്യാസം

P.T പിരീഡുകളിൽ ശാരീരിക വ്യായാമങ്ങൾക്കും ശേഷികൾക്കും പരിശീലനങ്ങൾ നൽകുന്നു.

* കൗൺസിലിംഗ് പരിശീലനം

എല്ലാ ബുധനാഴ്ചകളിലും കൗൺസിലിംഗ് വിദഗ്ധൻ നൽകുന്ന ക്ലാസ്സുകൾ

* ഹെൽത്ത് പ്രോഗ്രാമ്സ്

എല്ലാ ക്ലാസ്സുകളിലും ശുചിത്വം- ആരോഗ്യ ക്ലബ്ബുകൾ, ഹെൽത്ത് വീക്കെൻഡ്സ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ശുചീകരണ അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ.

* ബോധവൽക്കരണ ക്ലാസുകൾ

ഔപചാരികവും അനൗപചാരികവുമായ ബോധവൽക്കരണ ക്ലാസുകൾ നൽകുക.

## VIII നിരീക്ഷണവും ഉത്തരവാദിത്വങ്ങളും

അക്കാദമിക് മാസ്റ്റർ പ്ലാൻ നിരീക്ഷണത്തിനായി ഒരു കൃത്യമായ പദ്ധതിയും, അത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി വിഭജിച്ച് ഉത്തരവാദിത്വങ്ങളും നിർണയം ചെയ്തു. വിദ്യാലയത്തിൽ അധ്യാപകർക്കും, [illegible] ഹെഡ്മിസ്ട്രസിക്ക, SRG കൺവീനർ, SMC, [illegible], എന്നിവർക്കും ചുമതലകൾ നൽകിയിട്ടുണ്ട്.

ഭാഷ - മലയാളം - ശ്രീമതി. സിനിയ
ഇംഗ്ലീഷ് - ശ്രീമതി. ഷാലിയ

ശാസ്ത്രം - സയൻസ് - ശ്രീമതി. സിനിയ
ഗണിതം ശ്രീ. ഷെരീഫ് & ദിൽന

ഐ.ടി - ശ്രീ. ഷെരീഫ് & ദിൽന.

കലാകായിക പ്രവൃത്തി പരിചയം } - ശ്രീമതി. ഷാലിയ
ശ്രീമതി. സിനിയ
ശ്രീമതി. വിനുലക്ഷ്മി.

# 10 നിഗമനങ്ങൾ.

ഗവ: ടൗൺ എൽ. പി. സ്കൂൾ ആലപ്പുഴ അക്കാദമിക
മാസ്റ്റർ പ്ലാൻ 2025-26 സ്കൂൾ വികസനത്തിലേക്ക്
ഉയർത്തുന്നതിനുള്ള സമഗ്രവും വിശദവുമായ
ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു. വിവിധ
വിഷയങ്ങളിൽ കുട്ടികളുടെ അടിസ്ഥാനപരമായ
കഴിവുകൾ നേടുന്നതിനും വിശാലമായ വ്യക്തിത്വവും
സാമൂഹികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകിയത്
സമഗ്രമായ വിദ്യാർത്ഥി വികസനത്തിനായുള്ള വ്യക്തമായ
ഒരു കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു. രക്ഷിതാക്കളെയും
വിശാലമായ സമൂഹത്തെയും അ
അധ്യാപകരെയും ആസൂത്രണത്തിലും മേൽനോട്ടത്തിലും സജീവ
ഒന്ന് നിർവ്വഹണത്തിലും
മായി ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി ഒരു
സഹകരണ മനോഭാവത്തെ അടിസ്ഥാനമാക്കിയു
ള്ളതാണ്.

കേവലം പഠനത്തിൽ മാത്രം ഒതു
ന്ന മികച്ച ഫലങ്ങളിലൂടെ മാത്രമല്ല, നിരന്തര
വും പ്രതിഫലിപ്പിക്കുന്നതുമായ വിലയിരുത്തലിലൂ
ടെ വിദ്യാർത്ഥികളുടെ പുരോഗതി മനസ്സിലാക്കുന്ന
തിനുള്ള സമഗ്ര പുരോഗതി രേഖകൾ, അക്കാദ

...ത നിർവ്വഹിക്കുന്നത്, വിദ്യാഭ്യാസ വിലയിരുത്തൽ എന്നിവയ്ക്കുള്ള വിശദമായ ചട്ടക്കൂടുകൾ, പരിശീലനം ഒരു പ്രധാന ശക്തിയാണ്. വിവിധ തലങ്ങളെയും, വൈവിധ്യമാർന്ന വിവരശേഖരണത്തെ ശീലങ്ങളെയും ഉൾക്കൊള്ളുന്ന ഈ സമീപനം സമയബന്ധിതമായ ഫീഡ്ബാക്ക് നൽകുവാനും അധ്യാപനപരമായ മെച്ചപ്പെടുത്തലുകൾ വരുത്താനും ലക്ഷ്യമിടുന്നു. ഇത്, ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങളുമായി ഇഴചേർന്നതാണ്. നിലനിൽക്കുന്ന ആശങ്കകളും, നിലവിലുള്ള വെല്ലുവിളികളെയും ഈ രേഖയിൽ തുറന്നു സമ്മതിക്കുന്നു. അടിസ്ഥാന സൗകര്യവികസനം, കാലതാമസങ്ങൾ, ഉദ്യോഗസ്ഥർ, എന്നിവയുടെ മെച്ചപ്പെടുത്തൽ നടപ്പാക്കേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നു

ഓരോ കുട്ടിയെയും കരുത്തും വിവേകവും ഉള്ളവരാക്കി മാറ്റാനുതകുന്ന വിധം തയ്യാറാക്കപ്പെട്ട ഒരു ശക്തമായ ചട്ടക്കൂടാണ് ഗവൺമെന്റിൽ ഈ സംരംഭം 2025-26 ൽ ഇത് പ്രവർത്തന സജ്ജമാക്കും. അക്കാദമിക വർഷം സ്കൂൾ തലം മുതൽ നിർബന്ധമായും നടപ്പാക്കപ്പെടുന്നതാണ്.